# മിനി ഗാർമെൻറ് യൂണിറ്റ്

1. **ഗാർമെൻറ് യൂണിറ്റ് ട്രയിനികൾ**

കേരള ഹൈ–ടെക് ടെക്സ്റ്റയിൽ കോ ഓപ്പറേറ്റിവ് ലിമിറ്റഡ് ( കെൽടെക്സ്) നടപ്പിലാക്കുന്ന മിനി ഗാർമെൻറ്സ് യൂണിറ്റിലേക്ക് ട്രയിനികളെ തെരഞ്ഞെടുക്കുന്നു. 18നും 40 നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം അപേക്ഷകർ എസ് എസ് എൽ സി വരെ പഠിച്ചവരും വസ്ത്ര നിർമ്മാണത്തിലും അനുബന്ധ പ്രവൃത്തികളിലും അഭിരുചിയും അറിവും ഉള്ളവരുമായിരിക്കേണ്ടതാണ്. കെൽടെക്സ് നടത്തുന്ന പ്രായോഗിക പരീക്ഷ, അഭിമുഖം എന്നിവയിൽ യോഗ്യത നേടുന്നവരെയാണ് ട്രയിനികളായി തെരെഞ്ഞെടുക്കുന്നത്. പരിശീലന കാലയളവിൽ ട്രയിനികൾക്ക് സ്റ്റൈപ്പൻറിന് അർഹതയുണ്ടായിരിക്കുന്നതാണ്. ട്രയിനികൾ കെൽടെക്സിലെ അസ്സോസിയേറ്റഡ് അംഗത്വം നേടേണ്ടതാണ്. പരിശീലന കാലയളവ് 2 വർഷം ആയിരിക്കും. താത്പര്യമുള്ളവർ ഫെബ്രുവരി 24 ന് മുൻപ് അപേക്ഷിക്കേണ്ടതാണ്.

2. **ട്രയിനർ/മാസ്റ്റർ കട്ടർ**

കേരള ഹൈ–ടെക് ടെക്സ്റ്റയിൽ കോ ഓപ്പറേറ്റിവ് ലിമിറ്റഡ് ( കെൽടെക്സ്) നടപ്പിലാക്കുന്ന മിനി ഗാർമെൻറ്സ് യൂണിറ്റിലെ ട്രയിനികൾ/അസ്സോസിയെഡ് മെമ്പർമാർ, ഗുണഭോക്താക്കൾ എന്നിവർക്ക് പരിശീലന നൽകുന്നതിന് Garment making- ൽ പരിജ്ഞാനവും പരിചയവും ഉള്ള താഴെ പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

- അഞ്ചു വർഷത്തെ പ്രവൃത്തി പരിചയം
- ഗാർമെൻറ് യൂണിറ്റ് സെറ്റ് അപ്പ് ചെയ്യുന്നതിനുള്ള നിപുണത
- ഗുണമെണ്മയോടെ എല്ലാ ഇനം വസ്ത്രങ്ങളും നിർമ്മിക്കുന്നതിന് ആവശ്യമായ സമ്പൂർണ്ണ പരിശീലന പരിപാടി നടപ്പിലാക്കുന്നതിനും ഒരു വിദഗ്ദ തൊഴിലാളി സേനയെ വാർത്തെടുക്കുന്നതിനുമുള്ള കഴിവ്
- വസ്ത്ര നിർമ്മാതാക്കളുമായി വ്യാപാരബന്ധത്തിലേർപ്പെടുന്നതിനുള്ള കഴിവ്

ശാസ്ത്രീയമായ പരിശീല പ്രാപ്തിയും അനുഭവസമ്പത്തും ഉള്ളവർക്കു മുൻഗണന നൽകുന്നതാണ്. മൂന്നുമാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി നടത്തുന്നതിന് പ്രതീക്ഷിക്കുന്ന റെമ്മ്യൂണറേഷൻ കാണിച്ചുകൊണ്ട് ആവശ്യമായ രേഖകൾ സഹിതം 24-02-2018 മുൻപായി അപേക്ഷിക്കേണ്ടതാണ്